ഉത്തരം

(എ & ബി)) മരിച്ച സുഹൈലാ ഷെറീനയുടെ പിതാവ് അബ്ദുറഹിമാന് ദുരിതാശ്വാസനിധിയിൽ നിന്ന് 32,500 രൂപ നൽകിയിട്ടുണ്ട്.

പരിക്ക് പറ്റിയ താഴെപ്പറയുന്ന 5 കുട്ടികളുടെ രക്ഷകർത്താക്കൾക്ക് 5,500 രൂപ വീതവും നൽകിയിട്ടുണ്ട്.

1. സഹന, ഒ. പി.
2. അജീർ, എം. കെ.
3. ഹഷല, പി.
4. മുഹമ്മദ് ഹസീൽ
5. മുഹമ്മദ് ഫസൽ

2000-2005 വർഷങ്ങളിൽ നടന്ന ഹർത്താലുകൾ

100 [841] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2005 വർഷങ്ങളിൽ കേരളത്തിൽ പൊതുവായി എത്ര ഹർത്താലുകൾ പ്രഖ്യാപിക്കപ്പെട്ടുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രാദേശിക ഹർത്താലുകൾ ഉൾപ്പെടെ എത്ര ഹർത്താലുകളാണ് കേരളത്തിൽ ഈ കാലയളവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഈ കാലയളവിൽ മനുഷ്യാദ്ധ്വാന ദിനങ്ങളുടെ നഷ്ടം, പൊതുമുതൽ നശിപ്പിക്കൽ എന്നീ ഇനങ്ങളിൽ ഉദ്ദേശം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളത്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ലോകായുക്ത എസ്. പി.-യെ സംബന്ധിച്ച വിവരങ്ങൾ

101 [846] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത എസ്. പി. യുടെ ചുമതല വഹിക്കുന്നത് ഇപ്പോൾ ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇദ്ദേഹത്തിന്റെ ഇതുവരെയുള്ള സർവ്വീസ് കാലയളവിൽ ഇദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോപണങ്ങൾ അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ടോയെന്നും ഇതിന്റെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടികൾക്ക് ഇദ്ദേഹം വിധേയനായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) എന്തൊക്കെ ശിക്ഷണ നടപടികളാണ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ഇദ്ദേഹത്തിനെതിരെ സ്വീകരിച്ചിരുന്നതെന്നും ഏത് കാലയളവിലാണെന്നും വ്യക്തമാക്കാമോ; ശിക്ഷണ നടപടികളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അദ്ദേഹത്തിനെതിരെ, ശിക്ഷണ നടപടിയെടുത്തത് അദ്ദേഹം ഏത് തസ്തികയിൽ ജോലി ചെയ്തിരുന്നപ്പോഴാണെന്നും ശിക്ഷണ നടപടികൾ ഇളവ് ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹം ഏത് തസ്തികയിലിരുന്നപ്പോഴായിരുന്നു എന്നും വ്യക്തമാക്കാമോ; ശിക്ഷണ നടപടികൾ ഇളവ് ചെയ്ത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(എഫ്) ഇദ്ദേഹത്തിന് ഈ ഗവൺമെന്റിന്റെ കാലയളവിൽ പ്രൊമോഷൻ നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. രാധാകൃഷ്ണൻ നായർ.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയ്ക്ക് സമർപ്പിക്കുന്ന പരാതി സാധുവായിരിക്കുന്നതിനുള്ള വ്യവസ്ഥകൾ

102 [847] ശ്രീ. കെ. സി. ജോസഫ്:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. എ. ചന്ദ്രൻ:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലോകായുക്ത ആക്ടും ചട്ടങ്ങളും അനുസരിച്ച് ലോകായുക്തയ്ക്ക് സമർപ്പിക്കുന്ന പരാതി സാധുവായിരിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) പരാതിയോടൊപ്പം പരാതിയെ പിൻതുണയ്ക്കുന്ന അഫിഡവിറ്റില്ലാത്ത പക്ഷം പരാതി സാധുവാണോ;

(സി) അഫിഡവിറ്റിനാൽ പിൻതാങ്ങപ്പെടാത്ത പരാതിയെപ്പറ്റി പ്രാഥമികാന്വേഷണം നടത്താൻ പ്രസ്തുത ആക്ടോ ചട്ടങ്ങളോ ലോകായുക്തയ്ക്ക് അധികാരം നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly